കാർഷിക പരിസ്ഥിതി അധിഷ്ഠിത വിള സമ്പ്രദായ ശുപാർശ

## വെള്ളരി വർഗ്ഗ വിളകൾ

(വെള്ളരി, ചുരയ്ക്ക, പാവൽ, പടവലം, കുമ്പളം, മത്തൻ തുടങ്ങിയവ)

### നടീൽ കാലം

| നമ്പർ | വിള | സീസൺ | മണ്ണ് |
|---|---|---|---|
| 1. | മത്തൻ | ജൂൺ–ജൂലൈ, ഡിസംബർ–ജനുവരി | ജൈവാംശമുള്ള മണൽ കലർന്ന പശിമരാശി മണ്ണ്, നല്ല നീർവാവാർച്ചയുണ്ടാകണം. PH – 6.5–7.5 |
| 2. | പടവലം | ജൂലൈ, ജനുവരി | |
| 3. | പീച്ചങ്ങ | ജൂലൈ, ജനുവരി | |
| 4. | ചുരയ്ക്ക | ജൂലൈ, ജനുവരി | |
| 5. | പാവൽ | ജൂലൈ, ജനുവരി | |
| 6. | കുമ്പളം | ജൂലൈ, ജനുവരി | |
| 7. | വെള്ളരി | ജൂലൈ, ജനുവരി | |

### വിത്ത് നടീൽ വിവരം

| നമ്പർ | വിള | വിത്തിന്റെ അളവ് (ഏക്കറിന്) | അകലം | നടീൽ |
|---|---|---|---|---|
| 1. | മത്തൻ | 400 ഗ്രാം | വരികൾ തമ്മിൽ 2മീറ്ററും, തടങ്ങൾ തമ്മിൽ 2മീറ്ററും കുഴികൾ 30x30x30 സെന്റീമീറ്റർ | ഒരു തടത്തിൽ 5 വിത്ത് നട്ട് രണ്ടാഴ്ചയ്ക്ക് ശേഷം ആരോഗ്യമുള്ള 2 തൈകൾ മാത്രം നിർത്തുക. |
| 2. | പടവലം | 600 ഗ്രാം | 2.5x 2m | |
| 3. | പീച്ചങ്ങ | 600 ഗ്രാം | 2.5x 2m | |
| 4. | ചുരയ്ക്ക | 600 ഗ്രാം | 2.5x 2m | |
| 5. | പാവൽ | 700 ഗ്രാം | 2x1.5m | |
| 6. | കുമ്പളം | 1 കിലോ | 2x1.5m | |
| 7. | വെള്ളരി | 1 കിലോ | 2x1.5m | |

### വിത്തുപചാരം

- ബിജാമൃതത്തിൽ വിത്തുകൾ മുക്കിവച്ച് തണലത്ത് അരമണിക്കൂർ ഉണക്കിയശേഷം നടാവുന്നതാണ്.
- ഒരു കിലോ വിത്തിന് ട്രൈക്കോഡർമ വിറിഡി 4 ഗ്രാം/ സ്യൂഡോമോണാസ് ഫ്ലൂറസെൻസ് 10 ഗ്രാം.

### തവാരണ

- ➔ വിത്ത് നടീൽ തട്ടങ്ങളിൽ ഒരു കുഴിയ്ക്ക് ഒരു വിത്ത് വീതം നട്ട് സുരക്ഷിതമായ സ്ഥലത്ത് വച്ച് വെള്ളം നനയ്ക്കുക. രണ്ടാഴ്ച പ്രായമായ തൈകൾ, തയ്യാറാക്കിയ തടങ്ങളിലേയ്ക്ക് മാറ്റി നടാവുന്നതാണ്.

<u>**വളപ്രയോഗം**</u>

- ➔ 400 കിലോ ഘനജീവാമൃതം കൂടാതെ 2500 കിലോ NADEP കമ്പോസ്റ്റ് മണ്ണിനൊപ്പം ചേർത്തുകൊടുക്കാം. കൂടാതെ 125 കിലോ ഘനജീവാമൃതം കുഴികളിൽ ഇടേണ്ടതാണ്.
- ➔ രണ്ടാഴ്ച കഴിഞ്ഞ് 200 ലിറ്റർ ദ്രവജീവാമൃതം കൊടുക്കാവുന്നതാണ്.
- ➔ പൂവിടാൻ തുടങ്ങുന്നത് മുതൽ വിളവെടുപ്പ് തീരുന്നത് വരെ 20 ദിവസത്തിലൊരിക്കൽ പഞ്ചഗവ്യം തളിയ്ക്കാവുന്നതാണ്.

## <u>കീടരോഗനിയന്ത്രണം</u>

<u>**കായീച്ച**</u>

പൂക്കളെയും കായ്കളെയും ആക്രമിക്കും. വളരെ അപൂർവ്വമായി തണ്ടിനേയും വേരിനേയും നശിപ്പിച്ചേക്കാം. കായ്കൾ ചെറുതാവുകയും ഇവ കുത്തിയ ഭാഗം മഞ്ഞളിച്ച് മൂപ്പെത്തുന്നതിനുമുമ്പേ കൊഴിയുകയും ചെയ്യുന്നു. ഉള്ളിൽ നിറയെ പുഴുക്കളുണ്ടാവും. അവ മണ്ണിലേയ്ക്ക് വീഴുകയും ചെയ്യും.

<u>**നിയന്ത്രണം**</u>

- ➔ സീസണിൽ നേരത്തേ മൂപ്പെത്തുന്നവയിൽ ആക്രമണം കുറവായിരിക്കും.
- ➔ നടീൽ സമയം അതിനനുസരിച്ച് മാറ്റം വരുന്നത് നല്ലതാണ്.
- ➔ ആക്രമണവിധേയമായ കായ്കൾ ശേഖരിച്ച് നശിപ്പിക്കണം.
- ➔ തോട്ടത്തിലെ മണ്ണ് ഇടയിളക്കി പൂപ്പകളെ ഉപരിതലത്തിൽ എത്തിച്ച് വെയിൽ കൊള്ളിക്കണം.
- ➔ കായീച്ചക്കെണി ഏക്കറിന് 5 എണ്ണം തോട്ടത്തിൽ കെട്ടിതൂക്കുക.
- ➔ നീമാസ്ത്രം, ബ്രാഹ്മാസ്ത്രം എന്നിവ തളിക്കുക.

<u>**മത്തൻ വണ്ട്**</u>

മത്തൻ ചുരയ്ക്ക, വെള്ളരി, തണ്ണിമത്തൻ തുടങ്ങിയ വെള്ളരിവർഗ്ഗത്തിലെല്ലാം ആക്രമിക്കുന്ന ചെറിയ വണ്ടുകളാണിത്.

- ➔ വണ്ടുകൾ ഇലകളിലും പൂക്കളിലും ദ്വാരങ്ങളുണ്ടാക്കുകയും വളർച്ച മുരടിച്ച് ഉണങ്ങാൻ കാരണമാകയും ചെയ്യുന്നു.
- ➔ ആക്രമണം രൂക്ഷമായി ചെടി നശിച്ചാൽ വീണ്ടും തൈകൾ നടേണ്ടിവരും.
- ➔ ഇവയുടെ പുഴുക്കൾ മണ്ണിനടിയിൽ വസിക്കുകയും വേരും തണ്ടും തിന്ന് നശിപ്പിക്കുകയും ചെയ്യും. മണ്ണുമായി തൊട്ട് നിൽക്കുന്ന കായ്കളും ഇലകളും ഇവ നശിപ്പിക്കുന്നു.

  <u>**നിയന്ത്രണം**</u>
- ➔ വേപ്പിൻകുരു സത്ത് 5% വീര്യത്തിൽ തളിയ്ക്കുക.
- ➔ വെളുത്തുള്ളി കാന്താരി സത്ത് തളിക്കുക.

<u>**എപ്പിലാക്ന വണ്ടുകൾ**</u>

- ➔ തള്ളവണ്ടും മഞ്ഞ മുള്ളൻ പുഴുക്കളും ഒരുപോലെ ആക്രമണകാരികളാണ്. ഇലയുടെ ഹരിതകം കാർന്ന് തിന്നുകയും ഞരമ്പുകൾ വലപോലെ അവശേഷിപ്പിക്കുകയും ചെയ്യുന്നു. പിന്നീട് ഈ ഇലകൾ ഉണങ്ങി കൊഴിയുന്നു.

  <u>**നിയന്ത്രണം**</u>
- ➔ ചാണകം+ ഗോമൂത്രം ചേർത്ത് തളിച്ചുകൊടുക്കുക.
- ➔ വെളുത്തുള്ളി + മുളക് സത്ത് തളിച്ചുകൊടുക്കുക.

**മത്തൻ ഇലതീനിപ്പുഴുക്കൾ** *(Diaphania indica)*

മുട്ട വിരിഞ്ഞിറങ്ങുന്ന പുഴുക്കൾ ഇല ചുരുളുകളിൽ വലയുണ്ടാക്കി ഉള്ളിലിരിക്കും. ഇലകളും പൂക്കളും കാർന്നുതിന്നുന്നതിനാൽ കായ്ഫലം കുറയും. ഇളം കായ്കളുടെ തൊലി പുറമേ കാർന്ന് തിന്നുന്നതിനാൽ ഉള്ള് അഴുകി പോകാനിടയാകും.

**നിയന്ത്രണം**

- ചാണകം + ഗോമൂത്രം ചേർത്ത് തളിയ്ക്കുക.
- തുടക്കത്തിൽ തന്നെ നീമാസ്ത്രം തളിയ്ക്കുക.
- ബ്രഹ്മാസ്ത്രം തളിയ്ക്കുക.

**ചൂർണ്ണപൂപ്പ് രോഗം**

ഇലയിലും തണ്ടിലും ചാരം വിതറിയ പോലെ കാണുന്നു. തണൽ ഭാഗത്ത്നിൽക്കുന്ന മൂത്ത ഇലകളിൽ ഈ പൂപ്പൽ കാണാവുന്നതാണ്.

**നിയന്ത്രണം**

- പ്രതിരോധ ഇനങ്ങൾ കൃഷി ചെയ്യുക.
- തോട്ടത്തിൽ വായുസഞ്ചാരം ഉറപ്പ് വരുത്തുക.
- പുളിച്ച മോരിൻവെള്ളം 6 ലിറ്റർ 100 ലിറ്റർ വെള്ളത്തിന് എന്ന തോതിൽ കലക്കി തളിയ്ക്കുക.
- ചുക്ക്-പാൽ ചേർന്ന കഷായം തളിയ്ക്കുക.

**മൊസൈക് രോഗം**

മുഞ്ഞകളാണീ രോഗം പരത്തുന്നത്. ഇലകൾ ചുരുണ്ട് ചുക്കിച്ചുളിയുകയും കപ്പിന്റെ ആകൃതിയിലാവുകയും വലിപ്പം കുറയുകയും ചെയ്യുന്നു. വാടി ഉണങ്ങിപോകുകയും ചെയ്യും. ചെടികളുടെ വളർച്ച മുരടിക്കുന്നു. അതിർത്തി വിളകളായി ചോളം, മക്കചോളം പോലുള്ള ചെടികൾ നടുക.

- മൊസൈക് രോഗം വരാൻ സാധ്യതയുള്ള തക്കാളി പോലുള്ള പച്ചക്കറി വിളകൾ തോട്ടത്തിനടുത്ത് ഒഴിവാക്കുക.
- രോഗം പരത്തുന്ന മുഞ്ഞ, വെള്ളീച്ച തുടങ്ങിയവയെ നിയന്ത്രിക്കുക.
- നീമാസ്ത്രം തളിയ്ക്കുക.
- ഉമ്മത്തിന്റെ ഇല സത്ത് തളിയ്ക്കുക.

**വാട്ട രോഗം**

- ചെടികൾ വാടുകയും കായ്ഫലം കുറയുകയും വിപണിമൂല്യം ഇല്ലാത്ത കായ്കളുണ്ടാവുകയും ചെയ്യുന്നു.
- മൂത്ത ഇലകൾക്ക് വാട്ടവും മഞ്ഞളിപ്പുമുണ്ടാകുന്നു. പ്രത്യേകിച്ചും ചൂട് കൂടിയ സമയങ്ങളിൽ.

**നിയന്ത്രണം**

- പ്രതിരോധഇനങ്ങൾ നടുക.
- രോഗാക്രമണം ഉണ്ടായ ചെടികൾ പിഴുത് നശിപ്പിക്കുക.
- വിള ചംക്രമണം അനുവർത്തിക്കുക.
- വെള്ളക്കെട്ട് ഒഴിവാക്കി നീർവാർച്ചാ സൗകര്യം ഉറപ്പ് വരുത്തുക.
- 2 കിലോ ട്രൈക്കോഡർമ വിറിഡി 200 ലിറ്റർ വെള്ളത്തിൽ കലക്കി ചെടികളുടെ ചുവട്ടിൽ ഒഴിച്ചുകൊടുക്കുക.

***കടപ്പാട്***

*കൃഷി മാന്വൽ , റിതു സാധികാര സംസ്ഥ , ആന്ധ്രാപ്രദേശ്*